പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1356 — 13.12.2012-ൽ മറുപടിയ്ക്ക്

## ഡിജിറ്റൽ ആധാരത്തിൻെറ പകർപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ;<br>ശ്രീ. പാലോട് രവി;<br>ശ്രീ.സണ്ണി ജോസഫ്;<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരംക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ആധാരത്തിൻെറ പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ആധാരത്തിൻെറ പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സബ് രജിസ്ട്രാർ ആഫീസുകളിലെ ആധാരങ്ങൾ, അത്യാധുനിക സ്കാനറുകൾ ഉപയോഗിച്ച് സ്കാൻ ചെയ്യുകയും, ആയത് അതിവേഗ കമ്പ്യൂട്ടറുകളിൽ സൂക്ഷിച്ചുകൊണ്ട്, നിലവിലെ രജിസ്ട്രേഷൻ ഡാറ്റായുമായി സംയോജിപ്പിച്ച് കൊണ്ടുള്ള പ്രവർത്തന രീതിയാണ് ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. |
| (ബി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്നും ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിക്കു വേണ്ടി സഹകരിക്കുന്നതെന്നും ഈ പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (ബി) ആധാരത്തിൻെറ പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനാൽ, റിക്കാർഡുകൾ കൂടുതൽ സുരക്ഷിതമായിരിക്കും. ഇതിനു പുറമേ ഇന്റർനെറ്റ് സംവിധാനം വിനിയോഗിച്ച് ആധാരങ്ങൾക്കുള്ള പകർപ്പിന് അപേക്ഷിക്കാൻ സാധിക്കുന്നതുമാണ്. കേരള സർക്കാർ സ്ഥാപനമായ സി-ഡിറ്റിൻെറ സാങ്കേതിക സഹായം പ്രയോജനപ്പെടുത്തിക്കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. കൊട്ടാരക്കര സബ് രജിസ്ട്രാർ ആഫീസിലെ ആധാരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. കൂടാതെ, തിരുവനന്തപുരം ജില്ലയിലെ ചാല, പട്ടം, ശാസ്തമംഗലം, നേമം, വർക്കല എന്നീ സബ് രജിസ്ട്രാർ ആഫീസുകളിലും മേൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (സി) സംസ്ഥാനമാകെ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) സംസ്ഥാനമാകെ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ